(a) കൃഷി ഭവനുകൾ വഴി നടപ്പാക്കുന്ന വിജ്ഞാന വ്യാപന പരിപാടികൾ

(b) 'ആത്മ' പദ്ധതികളിൽപ്പെടുത്തി നടത്തിവരുന്ന പരിശീലന പരിപാടികൾ

(c) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കേരള കർഷകൻ, ഹരിതദളം, ലഘുലേഖകൾ, ബുക്കുകൾ എന്നീ പ്രസിദ്ധീകരണങ്ങളിൽക്കൂടി കർഷകരേയും ജനങ്ങളേയും ബോധവൽക്കരിക്കുന്നു.

(d) കിസാൻ കൃഷി ദീപം, നൂറുമേനി എന്നീ ദൃശ്യമാധ്യമ പരിപാടികളിൽക്കൂടി നൂതന കൃഷിരീതികളും അനുവേക്ഷകളും കർഷകർക്ക് എത്തിക്കുന്നു.

(e) കൃഷി വകുപ്പ് മുഖേന നടത്തിവരുന്ന ശില്പശാലകൾ, സെമിനാറുകൾ, നാട്ടുകൂട്ടങ്ങൾ, പ്രദർശനങ്ങൾ, കർഷക സംഗമങ്ങൾ എന്നിവയിലൂടെയും പദ്ധതി വിശദാംശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നു.

(ഡി) കർഷക പങ്കാളിത്തത്തോടെയാണ് നാളിതുവരെ വകുപ്പിലെ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. തുടർന്നും പ്രസ്തുത നയം തന്നെ സ്വീകരിക്കുന്നതാണ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 29-12-2008-ലെ ജി.ഒ.(എം.എസ്.) നമ്പർ 221/2008/എഡി പ്രകാരം 8 കൃഷി ഭവനുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. അവ ഇപ്രകാരമാണ്. കുമ്മിൾ, ചിറക്കര (കൊല്ലം ജില്ല) കോരുതോട് (കോട്ടയം) ദേവികുളം (ഇടുക്കി), തെങ്കര (പാലക്കാട്), കാലടി, മുതുവല്ലൂർ (മലപ്പുറം), കട്ടിപ്പാറ (കോഴിക്കോട്).

പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

27(*147) ശ്രീ. എൻ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ പ്രാഥമിക സഹകരണ സംഘങ്ങളെ അനുവദിക്കണമെന്ന ശിപാർശയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ചു പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ സമിതിയുടെ റിപ്പോർട്ടിലെ മറ്റു പ്രധാന ശിപാർശകൾ എന്തെല്ലാം ; ഈ ശിപാർശകളിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ വിദ്യാഭ്യാസ സഹകരണ സംഘങ്ങളെ അനുവദിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. സ്ഥലം, കെട്ടിടം ജീവനക്കാരുടെ ശമ്പളം തുടങ്ങിയ ബാദ്ധ്യതകൾ സഹകരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തു കൊണ്ടും, നിയന്ത്രണവും ഇടപെടാനുള്ള സ്വാതന്ത്ര്യവും സർക്കാരിൽ നിലനിർത്തിക്കൊണ്ടും, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് സ്വാശ്രയ കോളേജുകൾ തുടങ്ങാൻ അനുമതി നൽകേണ്ടതും, സഹകരണ സർവ്വകലാശാല രൂപീകരിക്കുന്ന മുറയ്ക്ക് സ്വാശ്രയ സഹകരണ കോളേജുകൾ പ്രസ്തുത സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെടേണ്ടതുമാണെന്ന നിർദ്ദേശം, വിദ്യാഭ്യാസ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിയമിച്ച കമ്മിറ്റി, സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സമിതിയുടെ റിപ്പോർട്ടിലെ മേൽപ്പറഞ്ഞതിന് പുറമേയുള്ള മറ്റു പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്:

1. സഹകരണ മേഖലയിൽ ഒരു യൂണിവേഴ്സിറ്റി കേരളത്തിലും രൂപീകരിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ഇതിൽ CAPE-ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടക്കം ഉൾക്കൊള്ളിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്. ഇതിനായി അടിയന്തരമായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കേണ്ടതാണ്.

2. സഹകരണ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപക/അനദ്ധ്യാപകർക്ക് നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രത്യേക ശമ്പള സ്കെയിലുകൾ നൽകിയും, സഹകരണ ചട്ടം അപ്പൻഡിക്സ് III-ൽ ഉൾപ്പെടുത്തിയും വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

3. സാമൂഹിക പ്രതിബദ്ധതയും, ഗവൺമെന്റ് നിയന്ത്രണവുമുള്ള സ്ഥാപനങ്ങളെന്ന നിലയ്ക്ക് ഒരു മെച്ചപ്പെട്ട വിദ്യാഭ്യാസ ഏജൻസിയായി വിദ്യാഭ്യാസ സഹകരണ സ്ഥാപനങ്ങളെ അംഗീകരിക്കുകയും, സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്ന പട്ടികയിൽ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.

4. സഹകരണ മേഖലയിലെ സ്ഥാപനങ്ങൾക്ക് സഹകരണ സർവ്വകലാശാല രൂപീകരിക്കുന്നതുവരെ ഒരേ കോഴ്സിന് പഠിക്കുന്നവർക്ക് റഗുലർ/പാരലൽ വ്യത്യാസമില്ലാതെ ഒരേ സിലബസും ചോദ്യപേപ്പറും പരീക്ഷയും നടത്തേണ്ടതാണ്. ഗവൺമെന്റ് തലത്തിൽ ഇതിനുവേണ്ടി സർവ്വകലാശാലകളിൽ ഇടപെടൽ നടത്തേണ്ടതുണ്ട്. ഒരു അംഗീകൃത ഏജൻസി ഇന്റേണൽ അസസ്മെന്റ് നടത്തുന്ന സമ്പ്രദായം കൊണ്ടുവരേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. നിലവിൽ, 24-3-1982-ലെ ജി.ഒ.(എംഎസ്.) നമ്പർ 116/82/എ.ഡി. ഉത്തരവ് പ്രകാരം, വിദ്യാഭ്യാസ സംഘങ്ങൾക്ക് അനുവദനീയമായ സർക്കാർ ധനസഹായം പരമാവധി 5 ലക്ഷം രൂപ ഓഹരി മൂലധനമെന്നത്, 25 ലക്ഷം രൂപയായും മാനേജിരിയൽ സബ്സിഡി ഒരു ലക്ഷം രൂപയായും വർദ്ധിപ്പിക്കേണ്ടതാണ്.

6. ആസ്തിയുള്ള സ്ഥാപനങ്ങൾക്ക് അത് ഈട് വച്ച് പ്ലാൻ ഫണ്ടിൽ നിന്നും വായ്പാ ധനസഹായമായി (സബ്സിഡി/ഗ്രാന്റ് 60:40 അനുപാതത്തിൽ) സംഘങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

7. ആസ്തിയുള്ള സഹകരണ വിദ്യാഭ്യാസ സംഘങ്ങൾ, ആസ്തി ഈട് വച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനായി എൻസിഡിസി-യിൽ നിന്നും സർക്കാർ വായ്പ ലഭ്യമാക്കേണ്ടതാണ്.

8. കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, യൂണിവേഴ്സിറ്റി, വിദൂര വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ നടത്തുന്ന പരീക്ഷാ കേന്ദ്രങ്ങളും സ്റ്റഡി സെന്ററുകളുമായി സഹകരണ മേഖലയിലെ അടിസ്ഥാന സൗകര്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ അംഗീകരിക്കുക.

9. പുതിയ വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ ആരംഭിക്കുമ്പോൾ, അനാരോഗ്യകരമായ മത്സരം ഒഴിവാക്കുന്നതിലേക്കായി അവയുടെ സാധ്യതയും പ്രവർത്തനപരിധിയും നിശ്ചയിക്കേണ്ടതാണ്.

10. പല സംഘങ്ങൾക്കും വ്യത്യസ്ഥമായ നിയമാവലിയും പ്രവർത്തന സ്വഭാവവുമുള്ളതിനാൽ സംസ്ഥാനത്തെ സഹകരണ വിദ്യാഭ്യാസ സംഘങ്ങൾക്ക് പൊതുവായ ഒരു മാതൃകാ നിയമാവലിക്ക് രൂപം നൽകേണ്ടതാണ്.

11. വിദ്യാഭ്യാസ സഹകരണ സംഘങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അനുയോജ്യമായ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുകയും മറ്റു സഹകരണ സംഘം ജീവനക്കാരെ പോലെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.

12. വിദ്യാഭ്യാസ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഏകീകൃത സേവന വേതന വ്യവസ്ഥകൾ നടപ്പാക്കണമെങ്കിൽ, സംഘങ്ങളെ അവയുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസിഫൈ ചെയ്യേണ്ടതാണ്. (അഞ്ച് ഗ്രേഡുകളായി ക്ലാസിഫൈ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ, ജീവനക്കാർക്ക് നൽകാവുന്ന ശമ്പള സ്കെയിൽ, ഗ്രേഡുകൾ എന്നിവ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളും സമിതി സമർപ്പിച്ചിട്ടുണ്ട്).

സമിതി സമർപ്പിച്ച മേൽ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly